**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസനം - വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി ബ്ലോക്കിലെ മാനികുനി പണിയ കോളനി (IAY) ഭവന നിർമ്മാണ പദ്ധതിയിലെ ക്രമക്കേട് - അച്ചടക്കനടപടി - സുൽത്താൻ ബത്തേരി മുൻ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ശ്രീ.കെ. ദിവാകരൻ സമർപ്പിച്ച പുന:പരിശോധനാ ഹർജി - തീർപ്പാക്കി കൊണ്ട് ഉത്തരവാകുന്നു.

---

തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്

സർക്കാർ ഉത്തരവ് (സാധാ)നമ്പർ. 2983/2016/തസ്വഭവ, തിരുവനന്തപുരം, തീയതി, 02.11.2016

---

പരാമർശം : 1. വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 09/07/2013 തീയതിയിലെ ഇ 11(എസ്.സി-43/2012/WYD/32050/2012 നമ്പർ കത്ത്.

2. സുൽത്താൻ ബത്തേരി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ശ്രീ. കെ. ദിവാകരൻ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ശ്രീ.T.U പ്രിൻസ് എന്നിവർക്ക് നല്കിയ 12/12/2013 ലെ6442/ഇ.ആർ.ബി1/2013/ത.സ്വ.ഭ.വ.നമ്പർ കുറ്റപത്രവും,കുറ്റാരോപണ പത്രികയും.

3. ശ്രീ.കെ.ദിവാകരൻ 14/02/2014 തീയതിയിൽ സമർപ്പിച്ച പ്രതിവാദപത്രിക.

4. ഗ്രാമവികസന കമ്മീഷണറുടെ 01/11/2014,തീയതിയിലെ 523/എസ്റ്റാ.എ 4/14/CRD നമ്പർ കത്ത്.

5. സർക്കാർ ഉത്തരവ് (സാധാ) നമ്പർ 2363/2015 തസ്വ.ഭ തീയതി 30.9.2015

6. ശ്രീ. കെ. ദിവാകരൻ സമർപ്പിച്ച 10/09/2015 ലെ പുന:പരിശോധനാ ഹർജി.

7. ഗ്രാമവികസന കമ്മീഷണറുടെ 04.04.2016,തീയതിയിലെ 523/എസ്റ്റാ.എ 4/14/CRD നമ്പർ കത്ത്.

**ഉത്തരവ്**

വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി ബ്ലോക്കിൽപ്പെട്ട മാനികുനി പണിയ കോളനി (IAY) ഭവന നിർമ്മാണ പദ്ധതിയിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് പരാമർശം (1) പ്രകാരം വിജിലൻസ് ആന്റ് ആന്റികറപ്ഷൻബ്യൂറോസർക്കാരിൽറിപ്പോർട്ട് സമർപ്പിക്കുകയുണ്ടായിപരാമർശം(2) പ്രകാരം സുൽത്താൻ ബത്തേരിമുൻബ്ലോക്ക്ഡെവലപ്മെന്റ് ഓഫീസർ ശ്രീ.കെ.ദിവാകരൻ,വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ശ്രീ. റ്റി.യു . പ്രിൻസ് എന്നിവർക്ക് സർക്കാർ കുറ്റപത്രവും ,കുറ്റാരോപണ പത്രികയും നൽകുകയുണ്ടായി.പരാമർശം(3) പ്രകാരംടിഉദ്യോഗസ്ഥർപ്രതിവാദ പത്രികകൾ സമർപ്പിച്ചു.

പ്രതിവാദപത്രികകളിന്മേൽ പരാമർശം (4) പ്രകാരം ഗ്രാമവികസനകമ്മീഷണർ സർക്കാരിൽ റിപ്പോർട്ട് സമർപ്പിച്ചു.പരാമർശം(5) ലെസർക്കാർഉത്തരവ്പ്രകാരംബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ ശ്രീ.കെ.ദിവാകരൻ, വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർശ്രീ.റ്റി.യു.പ്രിൻസ് എന്നിവർക്കെതിരെ സ്വീകരിച്ചിരുന്ന അച്ചടക്കനടപടി ടിയാളുകളുടെ ഒരോവാർഷിക ഇൻക്രിമെന്റ് വീതം സഞ്ചിത പ്രാബല്യമില്ലാതെ ഒരു വർഷത്തേക്ക് തടഞ്ഞു കൊണ്ട് തീർപ്പാക്കുകയും ചെയ്തു. തന്റെ ഒരു വാർഷിക ഇൻക്രിമെന്റ് ഒരു വർഷത്തേയ്ക്ക് തടഞ്ഞ നടപടി പുന: പരിശോധിക്കുന്നതിന് അഭ്യർത്ഥിച്ചുകൊണ്ട് പരാമർശം (6) പ്രകാരം സുൽത്താൻ ബത്തേരി മുൻ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസറായിരുന്ന

ശ്രീ.കെ. ദിവാകരൻ സർക്കാരിൽ പുന:പരിശോധന ഹർജി സമർപ്പിച്ചു. ടിയാന്റെ പുന:പരിശോധന ഹർജിയിന്മേൽ പരാമർശം (7) പ്രകാരം ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് സമർപ്പിച്ചു. വിജിലൻസ് അന്വേഷണം നടക്കുന്ന സമയത്ത് വീട്ടു പണി പൂർത്തിയായിട്ടില്ലായിരുന്നുവെന്നും നേരിട്ടുള്ള പരിശോധനയിൽ പണി പൂർത്തിയാക്കി ഗുണഭോക്താക്കൾ താമസം ആരംഭിച്ചിട്ടുള്ളതിനാൽ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ പൂർത്തിയായതായും ശ്രീ.കെ.ദിവാകരന്റെ ഭാഗത്ത് അനാസ്ഥയില്ലാത്തതിനാൽ ശിക്ഷയിൽ ഇളവ് അനുവദിക്കാവുന്നതാണെന്നും ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വിജിലൻസ് ഡയറക്ടറുടെ മിന്നൽ പരിശോധനാറിപ്പോർട്ടിലെ4 ആരോപണങ്ങളെയുംകൃത്യമായി ഖണ്ഡിക്കാൻകഴിയുന്ന മറുപടിയൊന്നും പ്രതിപാദപത്രികയിലോ, പുന: പരിശോധന ഹർജിയിലോ നല്കാൻ ശ്രീ. കെ. ദിവാകരന് കഴിഞ്ഞിട്ടില്ല. കൂടാതെ ശ്രീ. കെ. ദിവാകരൻ, റ്റി.യു.പ്രിൻസ് എന്നിവർക്കെതിരെ സ്വീകരിച്ചിരുന്ന അച്ചടക്ക നടപടി തീർപ്പാക്കിയിട്ടുള്ളത് വിജിലൻസ് വകുപ്പിന്റെ അനുമതിയോടുകൂടിയാണ്. ഈസാഹചര്യത്തിൽ പരാമർശം (6) പ്രകാരം സുൽത്താൻ ബത്തേരി മുൻ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ശ്രീ.കെ. ദിവാകരൻ സർക്കാരിൽ സമർപ്പിച്ചിട്ടുള്ള പുന: പരിശോധന ഹർജി നിരസിച്ചു കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ. എസ്.ആർ
ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ.കെ. ദിവാകരൻ, മുൻ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി,സുൽത്താൻ ബത്തേരി ബ്ലോക്ക് ( ഗ്രാമവികസന കമ്മീഷണർ മുഖാന്തിരം)
ഗ്രാമവികസന കമ്മീഷണർ. തിരുവനന്തപുരം
ഡയറക്ടർ, വിജിലൻസ് ആന്റ് ആന്റിക്കറപ്ഷൻ ബ്യൂറോ
വിജിലൻസ്(ഇ) വകുപ്പ് (Vide letter No.8995/E3/2013/Vig Dtd 05.9.2011
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൌണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ്& ന്യൂ മീഡിയ) വകുപ്പ്
( ഗവൺമെന്റ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ